മിസ്റ്റർ കെ. അയ്യപ്പൻ: ടെനൻസി ആക്ടിന്റെ റിട്രോസ്പെക്ടീവ് ഇഫക്ടിനെ സംബന്ധിച്ചു തർക്കംവരാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. രണ്ടാമത്തെ ആക്ടിൽ പാട്ടച്ചീട്ടു എഴുതിയ തീയ്യതിമുതൽ ൨൦ കൊല്ലത്തെ ആവരേജ് എടുക്കണമെന്നാണു പറയുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: വ്യത്യാസപ്പെട്ട വിധിയുണ്ടായാൽ അതിനെപ്പറ്റി ആലോചിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നെല്ലിനു പുറമെ കടിയാൻ തേങ്ങാപ്പാട്ടം കൊടുക്കുന്നതായി ശവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തേങ്ങാപ്പാട്ടത്തെ സംബന്ധിച്ചുള്ള നിയമം വെറ്റപ്പാട്ടകടിയാൻ നിയമത്തിലുണ്ടു്. അതിന്റെ അത്ഥത്തെ സംബന്ധിച്ചു വക്കീലന്മാർ പല വിധത്തിലും വാദിച്ചു എന്നുവരാം.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനു പാട്ടച്ചീട്ടു വച്ചിരുന്നതിനെവിട്ടു നാളികേരപ്പാട്ടം പിരിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: തെങ്ങിൻതോട്ടമോ, നിലമോ എന്നു തീച്ചയാക്കുന്നതു കൂടുതൽ ഭാഗം തെങ്ങിൻതോട്ടമോ നിലമോ എന്നു നോക്കീട്ടാണു്. ചില കേസുകളിൽ കൂടുതൽ നിലമായിരുന്നതിനെ തെങ്ങിൻതോട്ടമായി കണക്കാക്കീട്ടുണ്ടോ എന്നു നിശ്ചയമില്ല. ഇതിന്റെ നിയമത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിഷമവുമില്ല.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനുവേണ്ടിമാത്രം പാട്ടച്ചീട്ടു വയ്യിച്ചിട്ടുള്ള സ്ഥലത്തിൽ നിന്നു നാളികേരപ്പാട്ടം പിരിച്ചാൽ അതു കുറുകരമല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കോടതിയിൽപോയി തീരുമാനിക്കാമല്ലോ.

TRANSFER OF MANAGEMENT—M. G. SCHOOL—NARAKKAL

74. (59) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government have received representations from any party for the transfer of the M. G. School, Narakkal to their management;

(*b*) if so, from whom and what action has been taken on that?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) Rev. Fr. Cherian, Pulikkal, Vicar, Parish Church, Narakkal.

The question was examined by Government and ordered that "the present arrangement will continue".

PROHIBITION CASES IN CHITTUR TALUK—NUMBERS REGARDING

75. (328) **Mr. K. W. Muralidhara Marar** *(Trippuittura)*: Will Government be pleased to state the number of prohibition cases charge-sheeted in Chittur Taluk?

Mr. P. Govinda Menon *(Minister for Finance and Law)*: 40. I have answered 40; including one case charge-sheeted in 1124 it will be 41.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: കേസുകൾ കുറയുന്നതു് എക്സൈസ്സു് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ശിവരാമകൃഷ്ണൻ പറഞ്ഞതിൽനിന്നതന്നെ മദ്യവ്യഞ്ജനം അവിടെ വിജയകരമായി നടക്കുന്നുണ്ടു് എന്നുള്ളതിനു് അദ്ദേഹം സാക്ഷ്യം വഹിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഇത്ര കുറച്ചു കേസുകൾ ഉണ്ടാകുന്നതു്.

മിസ്റ്റർ എ. എം. തോമസ്സു്: എത്ര കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൧൯൫൩ൽ നാല്പത്തിനാലും, ൧൯൫൪ൽ ൩൦ കേസ്സുകൾ കണ്ടുകിട്ടുകയുണ്ടായി.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: കണ്ടുകിട്ടിയ കേസ്സുകളിൽ ചിറ്റൂർ നിവാസികളാണോ അധികം പെട്ടിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം. ഓരോ കേസിന്റെയും സ്വഭാവം നോക്കുമ്പോൾ ചിറ്റൂർ താലൂക്കുകാരാണു് അധികമെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഉദ്യോഗസ്ഥന്മാരിൽ വല്ലവരും ഇതിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly